(ഡി) 49 വിഷയങ്ങൾക്കുള്ള പരിശീലന പരിപാടികൾ കേരളത്തിലെ വിവിധ ജില്ലകളിലായി നടന്നുവരുന്നു. 29-7-2005-ഓടുകൂടി ഈ പരിശീലനത്തിന്റെ 1-ാം ഘട്ടം പൂർത്തിയാവുന്നതാണ്.

പട്ടിക സമുദായാംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

* 17 [350] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക സമുദായാംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സർക്കാർ നൽകുന്ന ഗ്രാന്റ് ഇപ്പോൾ എത്ര രൂപയാണ്; വസ്തു വാങ്ങുന്നതിന് പ്രത്യേകം ഗ്രാന്റ് അനുവദിക്കുന്നുണ്ടോ;

(ബി) സർക്കാരിൽനിന്ന് ലഭിക്കുന്ന തുകകൊണ്ടുമാത്രം വീടുകൾ നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് 70,000 രൂപയാണ് ഭവന നിർമ്മാണ ഗ്രാന്റായി അനുവദിക്കുന്നത്. ദുർഘടപ്രദേശങ്ങളിൽ പട്ടിക വർഗ്ഗക്കാർക്ക് 75,000 രൂപയാണ് നൽകുന്നത്. വസ്തു വാങ്ങുന്നതിനായി പട്ടികജാതിക്കാർക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ 19,500 രൂപയും മുനിസിപ്പൽ പ്രദേശത്ത് 20,000 രൂപയും കോർപ്പറേഷനിൽ 25,000 രൂപയും ഗ്രാന്റായി നൽകിവരുന്നു. പട്ടികവർഗ്ഗക്കാർക്ക് വസ്തു വാങ്ങുന്നതിന് ഗ്രാന്റ് നൽകുന്നില്ല. എന്നാൽ ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി നൽകുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) 2003-ലാണ് ധനസഹായം വർദ്ധിപ്പിച്ചത്. ഇപ്പോൾ ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

മേഖലാ ആഫീസുകളിലെ ഡയറക്ടർമാരുടെ അധികാരങ്ങളും ചുമതലകളും

* 18 [351] ശ്രീ. നാലകത്ത് സൂപ്പി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ മേഖലാ ആഫീസുകൾ തുറന്നിട്ടുണ്ടെങ്കിലും അവ പ്രവർത്തനമാരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേഖലാ ആഫീസുകളിലെ ഡയറക്ടർമാരുടെ അധികാരങ്ങളും ചുമതലകളും വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും അവ പ്രാബല്യത്തിൽ വരാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly